"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- കണ്ണൂർ ചെറുവഞ്ചേരി സെൻട്രൽ നഴ്സറിയിൽ നടത്തിയ ഇൻസ്പെക്ഷനിൽ കണ്ടെത്തിയ അപാകതകൾ - വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ടി.സി.രാജനിൽ നിന്നും സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതം ഈടാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.540/2022/F&WLD തീയതി,തിരുവനന്തപുരം, 05-12-2022

പരാമർശം:-

1. കണ്ണൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിന്റെ 22.09.2016-ലെ കെ.എഫ്.എസ്. 2-365/16 നമ്പർ ഇൻസ്പെക്ഷൻ റിപ്പോർട്ട്.
2. 12.01.2019-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-58547/18 നമ്പർ കത്ത്
3. 20.10.2019 ലെ എ2/73/2019/വനം നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. ശ്രീ.ടി.സി.രാജൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) 24.02.2020 തീയതിയായി സമർപ്പിച്ച വിശദീകരണം.
5. 23.10.2020-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി1-58547/18 നമ്പർ കത്ത്.
6. 13.12.2021-ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ ഐ.എഫ്.എസ്.1-2946/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ഫ്ലൈയിംഗ് സ്ക്വാഡ് പരിശോധന നടത്തിയതിൽ 2016-17 വർഷത്തിൽ കണ്ണൂർ വനം സർക്കിളിനു കീഴിലുള്ള വിവിധ ഡിവിഷനുകളിൽ നട്ടുന്നതിനു വേണ്ടി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടെ ആവശ്യപ്രകാരം ചെറുവഞ്ചേരി സെൻട്രൽ നഴ്സറിയിൽ ഉൽപ്പാദിപ്പിച്ച മഹാഗണിത്തൈകൾ ഏറ്റെടുക്കാതെ നഴ്സറിയിൽ തന്നെ അവശേഷിച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു.

ബേഗൂർ റെയിഞ്ചിലെ 25 ഹെക്ടർ പ്ലാന്റിംഗിനായി 45,000 തൈകൾ ആവശ്യമുണ്ടെന്ന് 10.12.2015-ലും, ബേഗൂർ, പെരിയ റെയിഞ്ചുകളിലെ 114 ഹെക്ടർ പ്ലാന്റിംഗിനായി 2,87,500 തൈകൾ ആവശ്യമുണ്ടെന്ന് 06.01.2016-ലും നോർത്ത് വയനാട് ഡിവിഷണൽ

ഫോറസ്റ്റ് ഓഫീസർ കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് അഭ്യർത്ഥിച്ചിരുന്നു. അതുപോലെ കാഞ്ഞങ്ങാട് റെയിഞ്ചിന്റെ ചാർജ്ജുണ്ടായിരുന്ന റെയിഞ്ച് ഓഫീസർ കാഞ്ഞങ്ങാട് റെയിഞ്ചിലെ അന്തിമവെട്ടിനായി അലോട്ട് ചെയ്തിരുന്ന 1 9 8 7 അക്കേഷ്യ പ്ലാന്റേഷനിൽ റീപ്ലാന്റിംഗ് ചെയ്യുന്നതിനായി 30,000 മഹാഗണികൾ ഉൽപ്പാദിപ്പിക്കുന്നതിനും ചെറുവഞ്ചേരി നഴ്സറിയുടെ ചാർജ്ജ് വഹിച്ചിരുന്ന കണ്ണവം റെയിഞ്ച് ഓഫീസറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് കണ്ണവം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ 2,90,000 തൈകൾ വിതരണത്തിന് തയ്യാറായതായി പെരിയ, ബേഗൂർ റെയിഞ്ച് ഓഫീസർമാരെ അറിയിച്ചുവെങ്കിലും ടിയാന്മാർ മറുപടി നൽകിയില്ല. കൂടാതെ കാഞ്ഞങ്ങാട് റെയിഞ്ചിനുവേണ്ടി ഉൽ പ്പാദിപ്പിച്ച 30,000 തൈകൾ ഏറ്റെടുക്കാൻ കഴിയില്ലായെന്ന് കാഞ്ഞങ്ങാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അറിയിക്കുകയും ചെയ്തു. തുടർന്ന് ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗം 20.09.2016-ൽ സെൻട്രൽ നഴ്സറിയിൽ പരിശോധന നടത്തുന്നതുവരെ നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ, പെരിയ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറോ മേൽ അവശേഷിച്ച തൈകളുടെ തുടർ പരിചരണം/ഉപയോഗം സംബന്ധിച്ച് രേഖാമൂലമുള്ള യാതൊരു അറിയിപ്പുകളും നൽകിയില്ല.

മേൽ പരിശോധനയ്ക്ക് ശേഷം ചെറുവഞ്ചേരി സെൻട്രൽ നഴ്സറിയിൽ ബാക്കി വന്ന തൈകളിൽ ഭൂരിഭാഗവും സോഷ്യൽ ഫോറസ്ട്രി മുഖേന വിതരണം ചെയ്തുവെങ്കിലും നോർത്ത് വയനാട് ഡിവിഷനുവേണ്ടി ഉത്പാദിപ്പിച്ച തൈകളിൽ 8,786 തൈകളും കാസർഗോഡ് ഡിവിഷനുവേണ്ടി ഉത്പാദിപ്പിച്ച തൈകളിൽ 1,550 തൈകളും വിതരണ യോഗ്യമല്ലാതെ നശിച്ചുപോകുകയുണ്ടായി. ഇപ്രകാരം തൈകൾ നശിച്ചതുമൂലം നോർത്ത് വയനാട് ഡിവിഷനിൽ നിന്നും 57,196/- രൂപയുടെ നഷ്ടം സംഭവിച്ചതായും, മേൽ ക്രമക്കേടിന് കാരണക്കാരായ പേര്യ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.ടി.സി.രാജനിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കുന്നതിനും അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം ( 2 ) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

കുറ്റാരോപിതരായ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ സർക്കാരിനുണ്ടായ നഷ്ടത്തിൽ ശ്രീ.റ്റി.സി.രാജനിൽ നിന്നും ഈടാക്കാനുള്ള ആനുപാതിക നഷ്ടമായ 28,598/- രൂപ ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും കേരള സർവ്വീസ് റൂൾസ് പാർട്ട് III ചട്ടം 3 കുറിപ്പ് 2 പ്രകാരം ഈടാക്കുന്നതിന് തീരുമാനിച്ച് കാരണം കാണിക്കൽ നോട്ടീസ് പരാമർശം (3) പ്രകാരം നല്കുകയും ചെയ്തിരുന്നു. പ്രസ്തുത നോട്ടീസിന് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ച വിശദീകരണത്തിന്മേൽ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ പരാമർശം (5) പ്രകാരം അഭിപ്രായം ലഭ്യമാക്കി ചെറുവാഞ്ചേരി സെൻട്രൽ നഴ്സറിയിൽ, 2015-16, 2016-17 വർഷത്തിൽ 401000 തൈകൾ ഉൽപാദിപ്പിച്ചതിൽ യഥാസമയം വിതരണം നടത്താൻ സാധിക്കാത്തതിനാൽ 3 7 0 2 9 4 തൈകൾ വിവിധ ടെറിട്ടോറിയൽ/സോഷ്യൽ ഫോറസ്ട്രി റെയിഞ്ചുകളിലേക്ക് വിതരണം നടത്തുകയും ശേഷിച്ച 30706 തൈകൾ നശിച്ചു പോയതായും എന്നാൽ ഉല്പാദിപ്പിക്കുന്ന തൈകളുടെ ആകെ എണ്ണത്തിന്റെ 20% വരെ കാഷ്വാലിറ്റി അനുവദനീയമാണെന്നും, ഈ കേസിൽ 7.65% കാഷ്വാലിറ്റി മാത്രമേ സംഭവിച്ചിട്ടുള്ളുവെന്നും ആയതിനാൽ കുറ്റാരോപിതനായ

ശ്രീ.ടി.സി.രാജൻ-(റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ) ക്കെതിരായ അച്ചടക്കനടപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും പരാമർ ശം (5), (6) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) എന്നിവർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം മുകളിൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമായി വിശദമായി പരിശോധിച്ചു. ഉൽപ്പാദിപ്പിച്ച തൈകൾ നശിച്ചുമൂലം സർക്കാർ നഷ്ടം ഉണ്ടായ സാഹചര്യത്തിൽ സർക്കാർ നഷ്ടത്തിന്റെ ആനുപാതിക വിഹിതമായ 28,598/- രൂപ ശ്രീ.ടി.സി.രാജൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)-ന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും കേരള സർവ്വീസ് റൂൾസ് പാർട്ട്III ചട്ടം 3 കുറിപ്പ് 2 പ്രകാരം ഈടാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിലുള്ള തുടർ നടപടി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറെസ്റ്റ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജീന ജെ പി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് &

ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.ടി.സി.രാജൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 05-12-2022 11:08:45